പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 416

04.02.2014 ൽ മറുപടിക്ക്

**റേഷൻ വിതരണത്തിൽ തടസ്സം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ.കെ. ജയചന്ദ്രൻ:<br>,, പി.കെ. ഗുരുദാസൻ:<br>,, ജി. സുധാകരൻ:<br>,, സി.കെ. സദാശിവൻ: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) | റേഷൻ വിതരണത്തിൽ തടസ്സങ്ങളുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ ചില എഫ്.സി.ഐ. ഡിപ്പോകളിലെ തൊഴിൽ പ്രശ്നങ്ങൾ കാരണം ചില സന്ദർഭങ്ങളിൽ റേഷൻ വിതരണം തടസ്സപ്പെട്ടതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. എന്നാൽ ചർച്ചകളിലൂടെയും മറ്റും ഈ പ്രശ്നങ്ങൾ ഉടനടി പരിഹരിച്ച് റേഷൻ വിതരണം പൂർവ്വസ്ഥിതിയിലാകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഫലമായി കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ ലഭിക്കാത്തത് അറിവുള്ളതാണോ; റേഷൻ വിതരണം മാറ്റിവയ്ക്കുന്നത് യഥാസമയം ഉപഭോക്താക്കളെ അറിയിക്കാത്തതുകാരണം അവർക്ക് റേഷൻ വാങ്ങാൻ കഴിയുന്നില്ല എന്നതും ആ സാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കപ്പെടുന്നതും സംബന്ധിച്ച് അന്വേഷിക്കുമോ; | (ബി) | ഇതിന്റെ ഫലമായി കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ ലഭിക്കാത്ത അവസ്ഥ ഉണ്ടായിട്ടില്ല. റേഷൻ സാധനങ്ങൾ വിട്ടെടുക്കുന്ന സമയത്ത് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽതന്നെ അത് റേഷൻ വിതരണം തടസ്സപ്പെടാത്ത രീതിയിൽ ഉടനടി പരിഹരിക്കുകയും ചെയ്യുന്നുണ്ട്. എഫ്.സി.ഐ.യിൽ നിന്നും ഭക്ഷ്യധാന്യങ്ങളുടെ വിട്ടെടുപ്പ് ഏതെങ്കിലും രീതിയിൽ തടസ്സപ്പെട്ടാൽ ആയത് ഉടനടി പരിഹരിക്കുകയും ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുന്നതിനുള്ള തീയതി നീട്ടിക്കൊടുക്കുകയും അതോടൊപ്പം കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ വാങ്ങുന്നതിനുള്ള സമയവും ദീർഘിപ്പിച്ചുകൊടുത്തുവരുന്നു. ആയത് പത്രമാധ്യമങ്ങളിൽ കൂടിയും മറ്റും പൊതുജനങ്ങളുടെ അറിവിലേയ്ക്കായി |

പ്രസിദ്ധീകരിക്കുന്നുണ്ട്. ആകയാൽ ഈ സാധനങ്ങൾ കരിഞ്ചന്തയിൽ എത്തുവാനുള്ള സാധ്യതയില്ല. റേഷൻ വിഹിതം ഉപഭോക്താക്കൾക്ക് കൃത്യമായ അളവിൽ ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തുവാനായി റേഷനിംഗ് ഇൻസ്പെക്ടർമാർ റേഷൻ കാർഡുകൾ പരിശോധിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (സി) | ഇത്തരം നടപടികൾ പൊതുജനത്തെ റേഷൻ സമ്പ്രദായത്തിൽനിന്നും അകറ്റി ക്രമേണ റേഷൻതന്നെ ഇല്ലാതാക്കുമെന്ന ആശങ്ക പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ആശങ്കയ്ക്ക് കാരണമില്ല. |

സെക്ഷൻ ഓഫീസർ